# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2522** **09/12/2014 - ൽ മറുപടിയ്ക്ക്**

## ജനനി ജന്മസുരക്ഷ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

(എ) ആദിവാസികളായ ഗർഭിണികളെ സഹായിക്കാൻ ആരംഭിച്ച ജനനി ജന്മസുരക്ഷ പദ്ധതി പ്രകാരം നാളിതു വരെയായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് ജില്ല തിരിച്ചിട്ടുള്ള വിവരം ലഭ്യമാക്കാമോ;

(എ)

| | | |
|---|---|---|
| തിരുവനന്തപുരം | - | 301 |
| കൊല്ലം, ആലപ്പുഴ | - | 90 |
| പത്തനംതിട്ട | - | 76 |
| കോട്ടയം | - | 272 |
| എറണാകുളം | - | 94 |
| ഇടുക്കി | - | 808 |
| തൃശ്ശൂർ | - | 73 |
| പാലക്കാട് | - | 842 |
| മലപ്പുറം | - | 209 |
| കോഴിക്കോട് | - | 187 |
| വയനാട് | - | 3098 |
| കണ്ണൂർ | - | 798 |
| കാസറഗോഡ് | - | 1002 |
| **ആകെ** | - | **7850** |

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗർഭിണികൾക്ക് എത്ര രൂപയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഗർഭധാരണത്തിന്റെ **മൂന്നാംമാസം മുതൽ** കുട്ടിക്ക് 1 വയസ് **പൂർത്തിയാകുന്നതുവരെ** (പരമാവധി 18 മാസം) **പ്രതിമാസം 1000/- രൂപ** നിരക്കിൽ ധനസഹായം **മണിയോർഡറായി** അയച്ചുകൊടുക്കുന്നു.

(സി) **ഇതുവരെ അപേക്ഷിച്ച എല്ലാവർക്കും സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ ;**

(ഡി) **അപേക്ഷിച്ചവരിൽ എത്ര പേർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു എന്നും അപേക്ഷിച്ചവരിൽ എത്ര വർഷം മുൻപുള്ളവർക്ക് വരെ ധനസഹായം നല്കാനുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;**

(സി) & (ഡി) 2013 ജൂൺ മാസം **മുതലാണ്** പദ്ധതി ആരംഭിച്ചത്. ലഭിച്ച **അപേക്ഷകളിൽ സൂക്ഷ്മ** പരിശോധന **പൂർത്തിയാക്കി അർഹരെന്നു കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായം** അനുവദിച്ചിട്ടുണ്ട്.

(ഇ) **ധനസഹായം യഥാസമയം ലഭിക്കാതെ പോഷക ആഹാര കുറവുമൂലം ഗർഭിണികളും ഗർഭസ്ഥശിശുക്കളും മരണമടയുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർ മരണമടഞ്ഞു എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?**

(ഇ) ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകാതെ ഗർഭിണികളും ഗർഭസ്ഥ ശിശുക്കളും **മരണമടഞ്ഞതായി** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**